LIBRARY ARCHIVES Kerala Legislative Assembly

കടബാദ്ധ്യത മൂലം കർഷക ആത്മഹത്യ

103 [108] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം 2005 ജനുവരി വരെ എത്ര കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2001 മുതൽ 2004 വരെ കടക്കെണിയിൽപ്പെട്ട് 193 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുള്ള കർഷകരുടെ വിവരം ശേഖരിച്ചുവരുന്നു.

കടബാദ്ധ്യതയാലുള്ള ആത്മഹത്യ

104 [109] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 ജനുവരി 15 വരെ സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ എത്ര കുടുംബങ്ങൾ കൂട്ട ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലവും ആത്മഹത്യ ചെയ്തവർ എത്ര;

(ഡി) ഇതേ കാലയളവിൽ മറ്റ് കടബാദ്ധ്യതയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങൾ എത്ര;

(ഇ) കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ കടബാദ്ധ്യത എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം V കാണുക.

അനുബന്ധം V

[31-1-2005-ലെ 101 (106), 103 (108) എന്നിവയുടെ ഉത്തരം ദയവായി കാണുക.]

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001 മുതൽ 2004 വരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	*2001*	*2002*	*2003*	*2004*	*ആകെ*
തിരുവനന്തപുരം	..	..	..	3	3
കൊല്ലം	..	..	..	1	1
ആലപ്പുഴ	..	..	..	2	2
എറണാകുളം	..	..	1	3	4
ഇടുക്കി	..	..	..	3	3
വയനാട്	30	37	35	48	150
തൃശ്ശൂർ	..	..	2	2	4
കോഴിക്കോട്	..	..	..	1	1
പാലക്കാട്	3	7	2	13	25
കണ്ണൂർ	..	..	..	7	7
കാസർഗോഡ്	..	..	..	13	13
					213

അനുബന്ധം V (എ)

[31-1-2005-ലെ 101 (106), 102 (107) എന്നിവയുടെ ഉത്തരം ദയവായി കാണുക.]

ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ഹ്രസ്വകാല വായ്പകൾ മധ്യകാല വായ്പകളായി മാറ്റുന്നതിനും മധ്യകാല വായ്പകളുടെ തിരിച്ചടയ്ക്കാത്ത ഗഡുക്കൾ പ്രത്യേക മധ്യകാല വായ്പകളായി മാറ്റുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിക്കുകയും ആയതിന്റെ സമയപരിധി 31-1-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V(എ)—(തുടർച്ച)

കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ മറ്റു ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും ആയതിന്റെ കാലാവധി 31-3-2005 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

വരൾച്ച ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട കൊല്ലം, കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കസർഗോഡ് എന്നീ ജില്ലകളിൽ കടങ്ങൾ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ ബാങ്കുകൾ 2 വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഒരു വർഷത്തേയ്ക്ക് ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പുനർവായ്പാ പദ്ധതി പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ നൽകുന്ന 25000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ പലിശ നിരക്ക് 8.5 ശതമാനമായും 25000 രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ പലിശ നിരക്ക് 9 ശതമാനമായും നിജപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങളിൽ 11 കുടുബങ്ങൾക്ക് 5000 രൂപ വീതം ധനസഹായം നൽകി. കേന്ദ്ര ഗവൺമെന്റിനോട് ധനസഹായം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ 106 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ലഭിച്ചാലുടനെ മറ്റുള്ള കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതാണ്. ഇതിനു പുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിന് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യ പടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly